**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 257** **26-06-2024 - ൽ മറുപടിയ്ക്ക്**

**റീസർവേ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര വില്ലേജുകളുടെ റീസർവേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി രേഖകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈ മാറിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി റീസർവ്വേ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ നടപടികൾക്ക് തുടക്കം കുറിക്കുകയും, ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളിൽ 183 എണ്ണത്തിൽ ഫീൽഡ് സർവ്വേ പൂർത്തിയാക്കി 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് റവന്യൂ ഭരണത്തിന് റിക്കാർഡുകൾ കൈമാറുന്ന ഘട്ടത്തിലാണ്. കൂടാതെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട 14 വില്ലേജുകളുടെ 9(2) നോട്ടിഫിക്കനും പ്രസിദ്ധീകരിച്ചു. ആയതും റവന്യൂ ഭരണത്തിന് കൈമാറുന്ന ഘട്ടത്തിലാണ്. |
| (ബി) | റീസർവേ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി വിവിധ ഘട്ടങ്ങളിലുള്ള പരസ്യങ്ങൾ ദൃശ്യശ്രവണ മാധ്യമങ്ങളിലൂടെ നൽകിയാണ് സർവെ നടപടികൾ ആരംഭിക്കുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും, ഡിജിറ്റൽ സർവെയുടെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നതിനും, ഭൂമി സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകുന്നു. |

കൂടാതെ സർവെ സഭകളുടെ തുടർനടപടികളുടെ ഭാഗമായി Micro ലെവലിൽ പ്രചാരണം നടത്തി എല്ലാ ഭൂവുടമസ്ഥരുടെയും സഹകരണവും പങ്കാളിത്തവും ഡിജിറ്റൽ സർവെ പദ്ധതിയിൽ ഉറപ്പാക്കുന്നതിന് സന്നദ്ധ പ്രവർത്തകരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ചിട്ടുള്ള 'സർവെ ജാഗ്രതാ സമിതി ' മുഖേന ഓരോ വില്ലേജിലെയും മുഴുവൻ ജനങ്ങളിലേക്കും അറിയിപ്പ് നൽകുന്നു. കൂടാതെ സർവെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി " എന്ന ഓൺലൈൻ പോർട്ടലും സജ്ജീകരിച്ചിട്ടുള്ളതും സർവെ വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനം പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുള്ളതുമാണ്.

ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഡിജിറ്റൽ സർവെ ചെയ്ത വില്ലേജുകളുടെ മാപ്പുകളും, അനുബന്ധ വിവരങ്ങളും "എന്റെ ഭൂമി" (https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ, ബന്ധപ്പെട്ട ക്യാമ്പ് ഓഫീസ് സന്ദർശിച്ചോ റിക്കാർഡുകൾ പരിശോധിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുള്ളതുമാണ്. കേരള സർവ്വെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വില്ലേജുകളിലെ എല്ലാ വാർഡ് തലത്തിലും പൊതുജനങ്ങൾക്ക് റിക്കാർഡുകൾ പരിശോധിക്കുന്നതിനും, ശ്രദ്ധയിൽപ്പെടുന്ന ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും, 9(2) പ്രസിദ്ധീകരിച്ച ശേഷം ഒരു മാസകാലയളവിൽ പ്രസ്തുത റിക്കാർഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഡിജിറ്റൽ സർവേ നടത്തിയിട്ടുള്ള വില്ലേജുകളെ റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഡിജിറ്റൽ സർവെയെ തുടർന്ന്, എല്ലാ ഭൂമി ഇടപാടുകളിലും ഭൂമിയുടെ സ്കെച്ച് കൂടി ഉൾപ്പെടുത്തിയുള്ള ഒരു ഏകജാലക സേവനം സാധ്യമാകുന്നതിനുള്ള ഒരു 'ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റവും' (ILIMS) കൂടി 'എന്റെ ഭൂമി' പോർട്ടലിന്റെ തുടർച്ചയായി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനായി സർവെ സ്കെച്ചുകൾ ആധാറുമായി ലിങ്ക് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റ അനുമതി ലഭിച്ചിട്ടുള്ളതാണ്. ടി സ്കെച്ചുകൾ ILIMS -മായി ലിങ്ക് ചെയ്യുന്നത് വഴി ഭൂമിയി ടപാടുകൾ സുതാര്യമാകും.<br>സർവെ ( Ente bhoomi portal), റവന്യൂ ( Relis portal), രജിസ്ട്രേഷൻ ( Pearl portal ) എന്നീ വകുപ്പുകളിൽ നിലവിൽ കൈകാര്യം ചെയ്യുന്ന പോർട്ടലുകൾ ഒരു ഇന്റഗ്രേറ്റഡ് സംവിധാനത്തിലേക്ക് കൊണ്ട് വരുന്നതാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്.<br>ഇതിലൂടെ എല്ലാ ഭൂവുടമകൾക്കും ആധികാരികവും, കൃത്യവും, തുടർച്ചയായി അപ്ഡേറ്റ് ചെയ്യുന്നതുമായ ഭൂരേഖ സേവനങ്ങൾ ലഭ്യമാക്കുന്നു. റവന്യൂ, രജിസ്ട്രേഷൻ, സർവെ എന്നീ വകുപ്പുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി നടപ്പിലാകുന്ന മുറയ്ക്ക് കൃത്യമായ ഭൂരേഖകൾ ലഭിക്കാനും (Record of Rights), ഭൂവുടമയ്ക്ക് ഭൂമിയിടപാടുകൾ മുഴുവൻ ഡിജിറ്റലായി നടത്തുവാൻ കഴിയുകയും ലാൻഡ് റെക്കോർഡ് സംവിധാനം എല്ലായ്പ്പോഴും അപ്ഡേറ്റഡ് ആയിരിക്കുകയും ചെയ്യും.<br>നിലവിൽ സംസ്ഥാനത്തെ ചില വില്ലേജുകളിൽ NIC യുടെ സഹകരണത്തോടെ ILIMS ന്റെ ട്രയൽ വിജയകരമായി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ